# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.271 | 09.05.2017-ൽ മറുപടിയ്ക്ക് |
|---|---|
| **പാർട്ണർ കേരള മിഷന്റെ പ്രവർത്തനം** | |
| **ചോദ്യം** | **മറുപടി** |
| **ശ്രീ.എം. നൗഷാദ്**<br>**ശ്രീ.ഇ.പി.ജയരാജൻ**<br>**ശ്രീമതി യു. പ്രതിഭ ഹരി**<br>**ശ്രീ.കെ.ജെ. മാക്സി** | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |

| | | | |
|---|---|---|---|
| (എ) | നഗരസഭകളിൽ സ്വകാര്യ പങ്കാളിത്തത്തോടെ അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്നതിനായി രൂപീകരിച്ച പാർട്ണർ കേരള മിഷന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്.<br>പൊതു സേവനത്തിനുവേണ്ടി സ്വകാര്യ മൂലധനത്തിൽ പൊതു നിർമ്മിതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ ഒരു നോഡൽ ഏജൻസിയായിട്ടാണ് 29/09/2014 ന് പാർട്ണർ കേരള മിഷൻ രൂപീകരിച്ചിട്ടുള്ളത്.<br>പാർട്ണർ കേരള മിഷന്റെ പ്രവർത്തനങ്ങൾ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 11.01.2017 ൽ ചേർന്ന ആദ്യത്തെ ജനറൽ ബോഡി യോഗം വിശദമായി അവലോകനം ചെയ്യപ്പെട്ടുകയുണ്ടായി. പാർട്ണർ കേരള മീറ്റിൽ നിന്നും പാർട്ണർ കേരള മിഷന് 106 പദ്ധതികൾ റെഫർ ചെയ്യുകയുണ്ടായി. പ്രാദേശിക സർക്കാരുകളുടെ താത്പര്യ പ്രകാരം, ട്രാൻസാക്ഷൻ അഡ്വൈസർ (KITCO) 60 പദ്ധതികളുടെ സാധ്യതാ പഠനം നടത്തുകയുണ്ടായി. ഇതിൽ 38 പദ്ധതികൾ ഫീസിബിൾ ആണെന്ന് കണ്ടെത്തുകയുണ്ടായി. ആയതിൽ 17 പദ്ധതികൾ ആർ.എഫ്.ക്യൂ സ്റ്റേജിലാണ്. 7 പദ്ധതികൾക്ക് ആർ.എഫ്.പി. നൽകിയിരുന്നെങ്കിലും ചട്ടപ്രകാരം ആവശ്യത്തിനുള്ള പ്രൊപ്പോസലുകൾ ലഭ്യമായില്ല.<br>കൂടുതൽ സംരംഭകരെ ഇതിലേക്ക് ആകർഷിക്കുവാൻ പി.പി.പി. പദ്ധതികളുടെ ടെൻഡർ നടപടികളിൽ പങ്കെടുക്കുന്നതിനുള്ള അർഹത 50 % ൽ താഴെ മാത്രം കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ഓഹരി മൂലധനമുള്ള കമ്പനികൾക്കും കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കും കൂടി നൽകാൻ തീരുമാനിച്ചു. ഇതുകൂടാതെ ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്താൻ തീരുമാനിച്ചു.<br>1. വെഹിക്കിൾ പാർക്കിംഗ് കോംപ്ലക്സും ഒപ്പം കൊമേർഷ്യൽ കോംപ്ലക്സും നിർമ്മിക്കുമ്പോൾ കൊമേർഷ്യൽ കോംപ്ലക്സിന് ആവശ്യമായ പാർക്കിംഗ് സ്പേസ് പ്രത്യേകം ഉറപ്പുവരുത്തണം. പബ്ലിക് സർവീസ് കംപോണന്റിൽ ഇത് ഉൾപ്പെടുത്താൻ പാടില്ല.<br>2. കൺസെഷനെയർ നൽകുന്ന വാർഷിക പ്രീമിയം തുക ഒരു നിശ്ചിത കാലാവധിക്കു ശേഷം ഉയർത്തുകയോ കൺസെഷൻ കാലാവധി കൂടി ടെൻഡർ പരാമീറ്ററായി ഉൾപ്പെടുത്താൻ കഴിയുമോ എന്ന് പരിശോധിക്കാനും നിർദ്ദേശിച്ചു. |

| | | | |
|---|---|---|---|
| | | | 3. പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതിയിലെ നിർമ്മിതികളുടെ പ്രോപ്പർട്ടി ടാക്സ് പ്രാദേശിക സർക്കാരുകൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചു.<br>4. പാർട്ണർ കേരള മിഷന്റെ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകളിൽകൂടി വ്യാപിപ്പിക്കാൻ തീരുമാനിച്ചു.<br>5. മിഷന്റെ പ്രവർത്തനങ്ങൾക്കായി ഫുൾ ടൈം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടേയും ഡയറക്ടറുടേയും സേവനം ലഭ്യമാക്കാൻ തീരുമാനിച്ചു. |
| (ബി) | ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (ബി) | **1. വ്യാപ്തി**<br>പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കുവാൻ എല്ലാ നഗരസഭകൾക്കും വികസന അതോറിറ്റികൾക്കും അനുവാദം നൽകിയിട്ടുണ്ട്.<br>**2. ഭൂമിയുടെ ഉടമസ്ഥാവകാശം**<br>ഭൂമിയുടെ ഉടമസ്ഥാവകാശം എന്നും പ്രാദേശിക സർക്കാരുകളിൽ നിക്ഷിപ്തമായിരിക്കും.<br>**3. ഭൂമിയുടെ ഉപയോഗം**<br>അനുവദിച്ചിട്ടുള്ള ഉദ്ദേശ്യത്തിനല്ലാതെ മറ്റൊരാവശ്യങ്ങൾക്കും ഭൂമി ഉപയോഗിക്കുവാൻ പാടില്ലായെന്ന് വ്യവസ്ഥയുണ്ട്.<br>**4. കാലാവധി**<br>കൺസെഷൻ കാലാവധി പരമാവധി 30 വർഷമായിരിക്കും.<br>**5. ഗ്യാരന്റി**<br>പി.പി.പി പദ്ധതികൾക്ക് സർക്കാർ ഗ്യാരന്റി ഉണ്ടായിരിക്കുന്നതല്ല.<br>**6. മറ്റ് വ്യവസ്ഥകൾ**<br>രാജ്യത്ത് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് ആയിരിക്കണം പദ്ധതികൾ നടപ്പിലാക്കേണ്ടത്. നിയമപരമായോ സാമ്പത്തികമായോ ആയ യാതൊരു ഇളവുകളും അനുവദിക്കുന്നതല്ല. വരുമാനം ഷെയർ ചെയ്യാൻ പ്രാപ്തമായ പദ്ധതികളാണ് ആദ്യഘട്ടത്തിൽ പരിഗണിക്കുന്നത്. അതായത് പ്രാദേശിക സർക്കാർ അംഗീകരിച്ചിട്ടുള്ള പദ്ധതികൾ മാത്രമേ പരിഗണിക്കുകയുള്ളു. ബാദ്ധ്യതാരഹിതമായ ഭൂമി ഒരു മുൻകൂർ വ്യവസ്ഥയാണ്. പദ്ധതി സംബന്ധിച്ച് എല്ലാ എഗ്രിമെന്റുകളും പ്രാദേശിക സർക്കാരിന്റെ പേരിൽ മാത്രമേ പാടുള്ളൂ. പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പായി പാർട്ണർ കേരള മിഷൻ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളുമായി ഒരു എഗ്രിമെന്റ് ഒപ്പുവച്ചിരിക്കണം. പദ്ധതി നടപ്പിലാക്കുന്ന പ്രാദേശിക സർക്കാരുകൾ, മേയർ, ഡെപ്യൂട്ടി മേയർ, ചെയർമാൻ, വൈസ് ചെയർമാൻ, വർക്ക്സ് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, പ്രതിപക്ഷത്തുനിന്നും ഒരംഗം, എഞ്ചിനീയർ, സെക്രട്ടറി എന്നിവർ അടങ്ങിയ ഒരു കോർ കമ്മിറ്റി രൂപീകരിക്കണം.<br>പദ്ധതികൾ സർക്കാർ അംഗീകരിച്ചിട്ടുള്ള മോഡൽ ആർ.എഫ്.ക്യു/ആർ.എഫ്.പി പ്രകാരമായിരിക്കണം രൂപപ്പെടുത്തേണ്ടത്. പദ്ധതികൾ മത്സരാധിഷ്ഠിത ടെൻഡർ നടപടികളിലൂടെ വേണം നടപ്പിലാക്കേണ്ടത്. ഈ സ്ഥലത്ത് പ്രോജക്ട് നിർമ്മിതിക്കും കരാർ പ്രകാരമുള്ള മറ്റ് പ്രവർത്തനങ്ങൾക്കും മാത്രമേ സ്വകാര്യപങ്കാളിക്ക് അവകാശം ഉണ്ടാകുകയുള്ളൂ. ഈ സ്ഥലം പണയപ്പെടുത്താൻ സ്വകാര്യപങ്കാളിക്ക് അവകാശമുണ്ടായിരിക്കുന്നതല്ല. പദ്ധതിക്ക് |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്ന സ്ഥലത്തിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫെയർ വാല്യുവിന്റെ 2% എല്ലാ വർഷവും പ്രാദേശിക സർക്കാരുകൾക്ക് കൺസെഷൻ ഫീ ആയി സ്വകാര്യപങ്കാളിയിൽ നിന്നും ലഭിക്കുന്നതാണ്. പ്രോജക്റ്റ് കോസ്റ്റിന്റെ നിശ്ചിത ശതമാനം അപ് ഫ്രണ്ട് ഫീ ആയി സ്വകാര്യപങ്കാളി നൽകേണ്ടതാണ്. പദ്ധതി പ്രദേശത്ത് എന്തെങ്കിലും നിർമ്മാണമോ മറ്റോ ഉണ്ടെങ്കിൽ അതിന്റെ വില നിശ്ചയിച്ച് ആദ്യമേ തന്നെ പ്രാദേശിക സർക്കാരുകൾക്ക് സ്വകാര്യപങ്കാളി നൽകുന്നതാണ്. പി.പി.പി. പദ്ധതികൾ പൊതുസേവനങ്ങൾക്ക് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. ഇത്തരം പൊതുസേവനങ്ങൾക്ക് ഉപഭോക്താക്കൾ നൽകേണ്ടുന്ന ഫീസ് പ്രാദേശിക സർക്കാരുകൾക്ക് നിശ്ചയിക്കാവുന്നതാണ്. |
| (സി) | മിഷൻ വഴി ഇതുവരെ ആരംഭം കുറിക്കാൻ കഴിഞ്ഞ പദ്ധതികൾ ഏതെല്ലാമാണ്; | (സി) | പ്രാദേശിക സർക്കാരുകളുടെ താത്പര്യ പ്രകാരം ട്രാൻസാക്ഷൻ അഡ്വൈസർ 60 പദ്ധതികളുടെ സാധ്യതാ പഠനം നടത്തുകയുണ്ടായി. ഇതിൽ 38 പദ്ധതികൾ ഫീസിബിൾ ആണെന്ന് കണ്ടെത്തുകയുണ്ടായി. ആയതിൽ 17 പദ്ധതികൾ ആർ.എഫ്.ക്യൂ (റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ) സ്റ്റേജിലും (ലിസ്റ്റ് അനുബന്ധം 1 ആയി ചേർക്കുന്നു), 7 പദ്ധതികൾ ആർ.എഫ്.പി. (റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ) സ്റ്റേജിലും (ലിസ്റ്റ് അനുബന്ധം 2 ആയി ചേർക്കുന്നു) ആണ്. എന്നാൽ പദ്ധതികളൊന്നും ആരംഭിച്ചിട്ടില്ല. |
| (ഡി) | കേരള സുസ്ഥിര നഗര വികസന പദ്ധതി (കെ.എസ്.യു.ഡി.പി) ക്കായി നീക്കി വെച്ചിട്ടുള്ള തുക സ്ഥാപനത്തിന് കൈമാറിയിട്ടുണ്ടോ; സ്ഥാപനത്തിന്റെ സാധുതക്ക് നിയമനിർമ്മാണം വഴി പ്രാബല്യം നൽകിയിട്ടുണ്ടോ? | (ഡി) | കേരള സുസ്ഥിര നഗര വികസന പദ്ധതി (കെ.എസ്.യു.ഡി.പി)ക്കായി നീക്കി വെച്ചിട്ടുള്ള തുകയിൽ നിന്നും പാർട്ണർ കേരള മിഷന് തുകയൊന്നും നൽകിയിട്ടില്ല. എന്നാൽ ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിക്കായി ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന തുകയിൽ നിന്നും 5 കോടി രൂപ നഗരസഭകൾക്ക് ആവശ്യമായ ഡി.പി.ആർ തയ്യാറാക്കുന്നതിനായി ആവിഷ്കരിച്ച അർബൻ 2020 പദ്ധതിക്കുവേണ്ടി ചെലവഴിക്കാൻ അനുവാദം നൽകിയിരുന്നു. ടി തുകയിൽ നിന്നും രണ്ടു കോടി രൂപ സർക്കാർ ഉത്തരവ് പ്രകാരം പാർട്ണർ കേരള മിഷന് നൽകിയിട്ടുണ്ട്.<br>പാർട്ണർ കേരള മിഷന്റെ രൂപീകരണവും പ്രവർത്തനവും സംബന്ധിച്ച നിയമ നിർമ്മാണം നടത്തിയിട്ടില്ല. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് പാർട്ണർ കേരള മിഷന്റെ പ്രവർത്തനങ്ങൾ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1 - ആർ.എഫ്.ക്യൂ.സ്റ്റേജിലുള്ള പദ്ധതികൾ

| ക്രമ നം | പദ്ധതിയുടെ പേര് | ഇൻഡിക്കേറ്റീവ് പ്രോജക്ട് കോസ്റ്റ് (രൂപ കോടിയിൽ ) |
|---|---|---|
| 1 | മുൻസിപ്പൽ മാർക്കറ്റ് & മൾട്ടി ഫങ്ഷണൽ കോംപ്ലക്സ്, അടൂർ മുനിസിപ്പാലിറ്റി | 118.00 |
| 2 | എക്സിബിഷൻ ഫെസിലിറ്റി & കൺവെൻഷൻ സെന്റർ, താമരക്കുളം, കൊല്ലം ഡെവലപ്മെന്റ് അതോറിറ്റി | 96.00 |
| 3 | മൊബിലിറ്റി ഹബ്ബ്, കുന്നംകുളം മുനിസിപ്പാലിറ്റി | 52.00 |
| 4 | മുനിസിപ്പൽ ഓഫീസ് & കൊമേഴ്സ്യൽ കോംപ്ലക്സ്, പത്തനംതിട്ട മുനിസിപ്പാലിറ്റി | 50.00 |
| 5 | മോഡേൺ സ്ലോട്ടർ ഹൗസ്, (അറവ്ശാല), കോഴിക്കോട് മുൻസിപ്പൽ കോർപറേഷൻ | 22.00 |
| 6 | മോഡേൺ സ്ലോട്ടർ ഹൗസ്, (അറവ്ശാല), കൊച്ചി മുൻസിപ്പൽ കോർപറേഷൻ | 16.00 |
| 7 | ബസ്ബേ കം പാസഞ്ചർ അമിനിറ്റി സെന്റർ, മഞ്ചേരി മുനിസിപ്പാലിറ്റി | 42.00 |
| 8 | ഇൻഡോർ സ്റ്റേഡിയം & കൺവെൻഷൻ സെന്റർ, കൽമണ്ഡപം, പാലക്കാട് മുൻസിപ്പാലിറ്റി | 68.00 |
| 9 | പബ്ലിക് മാർക്കറ്റ് കം ഷോപ്പിംഗ് മാൾ, കൽമണ്ഡപം, പാലക്കാട് മുൻസിപ്പാലിറ്റി | 93.00 |
| 10 | ശക്തൻ നഗർ സിറ്റി ഹബ്ബ്, തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ | 554.00 |
| 11 | മൾട്ടിലെവൽ പബ്ലിക്ക് പാർക്കിംഗ് & ഷോപ്പിംഗ് മാൾ, മണപ്പാട്ടി പറമ്പ്, ജി.സി.ഡി.എ | 120.00 |
| 12 | മുനിസിപ്പിൽ മാർക്കറ്റ് & ബസ്സ് ടെർമിനൽ, കോട്ടയ്ക്കൽ മുനിസിപ്പാലിറ്റി | 151.50 |
| 13 | ഡയഗനോസ്റ്റിക് ഇമേജിംഗ് സെന്റർ & കോമേഴ്സ്യൽ കോംപ്ലക്സ്, മാവേലിക്കര മുനിസിപ്പാലിറ്റി | 41.94 |
| 14 | ആയുർവേദിക് ഹോസ്പിറ്റൽ & റിസോർട്ട് പ്രോജക്ട്, പുനലൂർ മുനിസിപ്പാലിറ്റി | 48.65 |
| 15 | മോഡേൺ സ്ലോട്ടർ ഹൗസ്, തിരുവനന്തപുരം മുനിസിപ്പൽ കോർപറേഷൻ | 22.08 |
| 16 | ബസ്ബേ കം കോമേഴ്സ്യൽ കോംപ്ലക്സ്, കോതമംഗലം മുനിസിപ്പാലിറ്റി | 7.96 |
| 17 | ഡെവലപ്മെന്റ് ഓഫ് എൽ & എൽ സ്ക്വയർ, കണ്ണൂർ മുൻസിപ്പൽ കോർപ്പറേഷൻ | 92.61 |
| | ആകെ | 1595.74 |

## അനുബന്ധം 2 - ആർ.എഫ്.പി. സ്റ്റേജിലുള്ള പദ്ധതികൾ

| ക്രമ നം. | പദ്ധതിയുടെ പേര് | ഇൻഡിക്കേറ്റീവ് പ്രോജക്റ്റ് കോസ്റ്റ് (രൂപ കോടിയിൽ) |
|---|---|---|
| 1 | മൊബിലിറ്റി ഹബ്ബ് മീഞ്ചന്ത, കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ | 122 |
| 2 | പബ്ലിക് പാർക്കിംഗ് & മൾട്ടി ഫങ്ഷണൽ കോംപ്ലക്സ്, ഇടപ്പള്ളി, കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ | 50 |
| 3 | മോഡേൺ സ്ലോട്ടർ ഹൗസ് കൊല്ലം, കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ | 24 |
| 4 | മോഡേൺ സ്ലോട്ടർ ഹൗസ് തൃശ്ശൂർ, തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ | 20 |
| 5 | മോഡേൺ സ്ലോട്ടർ ഹൗസ്, പാലക്കാട് മുൻസിപ്പാലിറ്റി | 24 |
| 6 | പബ്ലിക് പാർക്കിംഗ് & കൊമേഴ്സ്യൽ കോംപ്ലക്സ്, കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ | 54 |
| 7 | മൾട്ടി ലെവൽ കാർ പാർക്കിംഗ് & കൊമേഴ്സ്യൽ കോംപ്ലക്സ് കച്ചേരിപ്പടി, കൊച്ചി മുൻസിപ്പൽ | 44 |
| ആകെ | | 338 |